ഉത്തരം

(എ) കടക്കരപ്പള്ളി-തങ്കി (എൻ.എച്ച്.) ജംഗ്ഷനിലെ സിഡ്കോ മിനി എസ്റ്റേറ്റിലും അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും അലോട്ട് ചെയ്യാനായി നിലവിൽ പ്ലോട്ടുകൾ ഒന്നുംതന്നെയില്ല.

(ബി) കടക്കരപ്പള്ളി മിനി എസ്റ്റേറ്റിൽ ഒഴിഞ്ഞു കിടക്കുന്ന പ്ലോട്ടുകൾ ഇല്ല. അരൂർ എസ്റ്റേറ്റിൽ ആകെയുള്ള 84 യൂണിറ്റുകളിൽ 23 എണ്ണം പ്രവർത്ത നരഹിതമാണ്.

(സി) കടക്കരപ്പള്ളി മിനി എസ്റ്റേറ്റിൽ കേസിൽപ്പെട്ടിട്ടുള്ള പ്ലോട്ടുക ളൊന്നും ഇല്ല. അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ കേസിൽപ്പെട്ടിട്ടുള്ള 8 പ്ലോട്ടുകൾ ഉണ്ട്.

ആലത്തൂർ മണ്ഡലത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

173 (5063) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലത്തുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ എത്ര കമ്പനികൾക്ക് പ്രവർത്തിക്കുവാനുള്ള സൗകര്യമുണ്ട് ; ഇപ്പോൾ അതിൽ എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) നല്ല നിലയിൽ നടന്നുവന്നിരുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കമ്പനികൾ അടച്ചുപൂട്ടി പോകാനിടയായ സാഹചര്യം സർക്കാർ വിലയിരുത്തി യിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പ്രവർത്തിക്കാത്ത കമ്പനികളുടെ മുറികൾ ഏറ്റെടുത്ത് വ്യവസായം നടത്താൻ താൽപ്പര്യമുള്ളവർക്ക് കൈമാറ്റം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലത്തുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ 10 കമ്പനികൾക്ക് പ്രവർത്തിക്കുവാനുള്ള സൗകര്യമുണ്ട്. ഇപ്പോൾ 7 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

ഷെഡ് നം. 1 & 2-ഉം ഷെഡ് നം 6-ഉം ആണ് പ്രവർത്തിക്കാത്തവ.

ഷെഡ് നം. 1 & 2-ഉം കുറച്ചു നാളുകളായി പ്രവർത്തനക്ഷമമല്ല. ഇത് തിരിച്ചെടുക്കാനുള്ള നടപടിയുടെ മുന്നോടിയായി യൂണിറ്റുടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഷെഡ് നം. 6 വൈദ്യുതി കണക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ടി ഷെഡ്ഡിന്റെ മുൻ കൈവശക്കാരൻ വൈദ്യുതി കുടിശ്ശിക വരുത്തിയതിനാൽ പ്രസ്തുത ഷെഡ്ഡിലെ വൈദ്യുതി വിച്ഛേദിക്കപ്പെട്ടിരുന്നു. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാലാണ് പ്രസ്തുത ഷെഡ്ഡ് പ്രവർത്തന രഹിതമായിട്ടുള്ളത്.

(സി) പ്രവർത്തിക്കാത്ത യൂണിറ്റുകളുടെ ഷെഡ് തിരികെ ഏറ്റെടുത്ത് വ്യവസായം നടത്താൻ താല്പര്യമുള്ളവർക്ക് കൈമാറ്റം ചെയ്യുന്ന കാര്യം വ്യവസായ-വാണിജ്യ ഡയറക്ടർ പരിഗണിക്കുന്നുണ്ട്.

കൊല്ലം ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

174 (5064) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ അടഞ്ഞുകിടക്കുന്നതും കാര്യക്ഷമമായി പ്രവർത്തിക്കാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ;

(ബി) ചാത്തന്നൂർ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കുണ്ടറ അലിൻഡ്, പുനലൂർ പേപ്പർ മിൽ എന്നിവ തുറക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(സി) ചാത്തന്നൂർ സ്പിന്നിംഗ് മില്ലിന്റെ വിലയേറിയ ഭൂമി വിൽപ്പനയ്ക്ക് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എത്ര ഏക്കർ ഭൂമിയെന്നും ഇതിന് ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുമാണോ ഭൂമി വിൽപ്പന നടത്തുന്നതെന്നും വ്യക്തമാക്കുമോ ;

(ഇ) ഭൂമി വിൽപ്പനയിലൂടെ ഉദ്ദേശിക്കുന്ന കാര്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ കൊല്ലം ജില്ലയിൽ പ്രവർത്തന രഹിതമായിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനം പുനലൂരുള്ള Travancore Ply`wood Industries Ltd. -ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ സ്വീകരിച്ച നടപടികളുടെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ Travancore Ply`wood Industries Ltd.- ന്റെ ആസ്തികളും മറ്റ് ഉൽപ്പാദന സൗകര്യങ്ങളും സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി KINFRA -യിലെ തന്നെ ഒരുദ്യോഗസ്ഥനെ ഇതിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly